©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15 Vol. XV	തിരുവനന്തപുരം, വെള്ളി Thiruvananthapuram, Friday	2026 ജനുവരി 09 09th January 2026 1201 ധനു 25 25th Dhanu 1201 1947 പൌഷം 19 19th Pousha 1947	നമ്പർ No.	102

ഫോറം നമ്പർ 7

[ചട്ടം 18(1) കാണുക]

വകുപ്പ് 11 (1) പ്രകാരം പരസ്യപ്പെടുത്തുന്ന പ്രാഥമിക വിജ്ഞാപനം

നമ്പർ: സി.11–2698/2021 2026 ജനുവരി 03.

കേരള സർക്കാർ 04.12.2015 തീയതിയിലെ സ.ഉ. (സാധാരണ) നമ്പർ.649/2015/റവ. വിജ്ഞാപനം പ്രകാരം 2013–ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട് 30/2013) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ കാക്കനാട്, കൊച്ചി മെട്രോ നമ്പർ.1 സ്പെഷ്യൽ തഹസിൽദാരെ നിയമിച്ചിരിക്കുന്നതിനാലും;

കൊച്ചി മെട്രോ പൊന്നുംവില നടപടിയുടെ പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ ആയി കൊച്ചി മെട്രോ (എൽ.എ.) ഡെപ്യൂട്ടി കളക്ടറെ കേരള സർക്കാർ നിയമിച്ചിരിക്കുന്നതിനാലും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന്, അതായത്, ഇന്റർഗ്രേറ്റഡ് അർബൻ റീജനറേഷൻ & വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം പദ്ധതിയുടെ ഭാഗമായ ഇടപ്പള്ളി കനാൽ വികസനത്തിനും, ഇടയിലുള്ള സ്റ്റേഷനുകളുടെ നിർമ്മാണത്തിനും വേണ്ടി സ്ഥലം ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കുമെന്നോ ജില്ലാ കളക്ടർക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാലും;

ഇപ്പോൾ, തന്മൂലം, അതുമായി ബന്ധപ്പെട്ട എല്ലാ പേർക്കും 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 11 വകുപ്പ് (1) ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു;

പൊന്നുംവിലയ്ക്കെടുക്കാൻ തീരുമാനിച്ചിട്ടുള്ള സ്ഥലങ്ങളുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിട്ടുള്ള കക്ഷികൾ അവരുടെ ഭൂരേഖകൾ നാളതീകരിക്കുന്നത് സംബന്ധിച്ചും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചും ആക്ഷേപമുണ്ടെങ്കിൽ ആയത് മേൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതിയോ, ഇതു സംബന്ധിച്ച പൊതു നോട്ടീസിന്റെ തീയതിയോ ഏതാണോ അവസാനം വരുന്നത് ആ തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലമുള്ള പ്രസ്താവന പൊന്നുംവില ആഫീസറായ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) നമ്പർ.1 കൊച്ചി മെട്രോ, കാക്കനാട് മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ആക്ഷേപങ്ങളും സ്ഥലത്തിലുള്ള താൽപര്യം സംശയലേശമന്യേ വിശദീകരിക്കാത്തതുമായ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്;

സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് സംഗ്രഹം താഴെ ചേർക്കുന്നു. ആയത് എറണാകുളം ജില്ലാ ഭരണകൂടത്തിന്റെ വെബ് സൈറ്റിൽ ലഭ്യമാണ്.

സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് – സംഗ്രഹം

ഇടപ്പള്ളി കനാൽ വികസനത്തിനും ഇടയിലുള്ള ബോട്ട് ജെട്ടികളുടെ നിർമ്മാണത്തിനും ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി സ്വകാര്യവും പൊതുഭൂമിയും ഉൾപ്പെടെ 01/08/25 തീയതിയിലെ സി.11 –2698/21 നമ്പർ (കേരള ഗസറ്റ് അസാധാരണം 20/08/25 തീയതിയിലെ 3015) 11 (1) നോട്ടിഫിക്കേഷനിൽ പ്രതിപാദിച്ചിട്ടുള്ള ഭൂമി കൂടാതെ കണയന്നൂർ താലൂക്കിലെ, തൃക്കാക്കര നോർത്ത് വില്ലേജിൽ ബ്ലോക്ക് 5 സർവ്വെ 150/2 pt ൽ പെട്ട 0.0255 ഹെക്ടർ ഭൂമി കൂടി ഏറ്റെടുക്കേണ്ടതായി കാണുന്നു. പ്രസ്തുത സ്ഥലമടുപ്പമായി ബന്ധപ്പെട്ട് വി.കെ കണസൾട്ടൻസി സെന്റർ എസ്.ഐ.എ സ്റ്റഡി യൂണിറ്റ് പഞ്ചായത്ത് ബസാർ, തിക്കോടി, കോഴിക്കോട് നടത്തിയ സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് പ്രകാരം ഭൂവുടമകൾക്ക് ഭൂമി നഷ്ടമാകുന്നതും, സർക്കാർ ഭൂമി നഷ്ടമാകുന്നതുമാണ്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രസ്തുത പ്രൊജക്റ്റിൽ റിക്വിസിഷൻ അതോറിറ്റിയായ കൊച്ചി മെട്രോയുടെ നിർദ്ദേശ പ്രകാരം ആദ്യഘട്ടം 3 കി.മീ. മുട്ടാർ മുതൽ മരോട്ടിച്ചുവട് വരെ ദൂരത്തിനാണ് ചുവടെ ചേർക്കുന്ന സർവ്വെ നമ്പർ ഉൾപ്പെടുത്തി 11 (1) കൂട്ടിച്ചേർക്കൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

പട്ടിക

(ഏകദേശ വിസ്തീർണ്ണം ചേർത്തിരിക്കുന്നു.)

ജില്ല - എറണാകുളം

താലൂക്ക്-കണയന്നൂർ *വില്ലേജ്*-തൃക്കാക്കര നോർത്ത് *ബ്ലോക്ക്*-5

ക്രമ നമ്പർ	സർവ്വെ നമ്പർ	വിവരണം	വിസ്തീർണ്ണം (ഹെക്ടർ)	പൊതു ആവശ്യത്തിന്റെ സ്വഭാവം	ബാധിക്കപ്പെട്ട കുടുംബാംഗങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള കാരണം	ഉടമസ്ഥന്റെ പേരും വിവരം
1	150/2 ഭാഗം	പുരയിടം	0.0255	ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ & വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം പദ്ധതിയുടെ ഭാഗമായ ഇടപ്പള്ളി കനാൽ വികസനത്തിനും , ബോട്ട് ജെട്ടികളുടെ നിർമ്മാണത്തിനും ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി	ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ & വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം പദ്ധതിയുടെ ഭാഗമായ ഇടപ്പള്ളി കനാൽ വികസനത്തിനും , ബോട്ട് ജെട്ടികളുടെ നിർമ്മാണത്തിനും ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി	1. മിഷേൽ ചെറുവേര, D/o മൈക്കിൾ ചെറുവേര കൊച്ചാപ്പിള്ളി ഹൌസ് 2. M/s നോയൽ വില്ലാസ് & അപ്പാർട്ട്മെന്റ്സ് നോയൽ ഹൌസ് തൃക്കാക്കര
ആകെ			**0.0255**			

ഒപ്പ്/-

ജില്ലാ കളക്ടർ

എറണാകുളം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM NO.7

[See Rule 18(1)]

FORM OF PRELIMINARY NOTIFICATION TO BE ISSUED BY THE COLLECTOR UNDER SUB – SECTION (1) OF SECTION 11

NOTIFICATION

No.C11-2698/2021 2026 January 03.

WHEREAS, the Government of Kerala have as per Notification No.649/2015/RD dated 04.12.2015 appointed the Special Tahsildar (L.A.) No.1, Kochi Metro Rail Project, Kakkanad to perform the functions of a Collector for the purpose of land acquisition under the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013;

AND WHEREAS, the Government hereby appoint the Deputy Collector (L.A) Kochi Metro Rail Project, Civil Station, Kakkanad as the Administrator for the purpose of Rehabilitation and Resettlement to the proposed acquisition;

AND WHEREAS, it appears to the Government that the land specified in the schedule below is needed or is likely to be needed for public purpose to wit for the development of Edappally Canal and construction of Stations in between as part of implementation of Integrated Urban Regeneration & Water Transport System (IURWTS);

NOW, THEREFORE, notice is hereby given to that effect to whomsoever it may concern, in accordance with the provisions of sub-section (1) of section 11 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013;

All persons interested in the said land are accordingly required to lodge before the Special Tahsildar (L.A.) No.1, Kochi Metro Rail Project, Kakkanad within 15 days from the date of publication of the above notification, or after giving public notice regarding this whichever is later, a statement in writing of their objections, if any, regarding the updation of land records or title in respect of the land proposed for acquisition. Any objection/statement which is received after the due date or which does not clearly explain as to how the objector is interested in the land is liable to be summarily rejected;

A summary of the Social Impact Assessment Report is given below, which is available in the Official Website of the District Administration, Ernakulam.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

SUMMARY OF THE SOCIAL IMPACT ASSESSMENT REPORT

It is seen that 0.0255 hectares of land comprised in Re Survey No. 150/2pt of block 5 in Thrikkakara North Village in Kanayannur Taluk, including private and public land, needs to be acquired in addition to the land notified as per 11(1) Notification vide No. C.11-2698/21 dated 01/08/25 (Kerala Gazette Extra Ordinary 3015 dated 20/08/25) as part of the acquisition of land for the development of Edappally Canal and construction of boat jetties for the implementation of Integrated Urban Regeneration & Water Transport System;

As per the Social Impact Assessment Study report conducted by the VKA Consultancy centre, SIA Study Unit, Panchayat Bazar, Thikkodi, Kozhikkode in relation to the said land acquisition, land owners are affected and Government will have loss of Puramboke land;

The below 11(1) Notification addendum is being published as per the direction of Requisitioning Authority, Kochi Metro Rail Limited for the development of first stage of the project (3km distance from Muttar to Marottichuvad).

SCHEDULE

(The extent given is approximate.)

District–Ernakulam

Taluk–Kanayannur *Village*–Thrikkakkara North *Block*–5

Sl. No.	Survey No.	Description	Extent (Hec)	Nature of Public Interest	Reason for Rehabilitation	Name & Address of the Owner
1	150/2pt	Dry	0.0255	For the development of Edappally Canal and construction of boat jetties in between as part of implementation of Integrated Urban Regeneration and Water Transport System	For the development of Edappally Canal and construction of boat jetties in between as part of implementation of Integrated Urban Regeneration and Water Transport System	1. Mishel Cheguvera, D/o Micheal Cheguvera, Kochappilly House 2. M/s Noel Villas & Apartments, Noel House, Thrikkakkara
Total			**0.0255**			

Sd/-
District Collector
Ernakulam

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.01.09 05:38:23 +05:30